"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - 2025-26 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ പിഡിഎസ് സബ്സിഡി & നോൺ സബ്സിഡി ആവശ്യങ്ങൾക്കായി അനുവദിച്ച 5676 KL മണ്ണെണ്ണ വിട്ടെടുത്ത് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മണ്ണെണ്ണ മൊത്ത വ്യാപാരികളുടെ കടത്തുകൂലി, റേഷൻ വ്യാപാരികൾക്ക് മണ്ണെണ്ണയ്ക്ക് അനുവദിക്കുന്ന റീറ്റെയ്ൽ കമ്മീഷൻ എന്നിവ വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

**ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.193/2025/F&CS തീയതി,തിരുവനന്തപുരം, 17-06-2025

പരാമർശം:-

1. സ.ഉ(സാധാ) നം.148/2022/ഭ.പൊ.വി.വ, തീയതി 27.04.2022
2. സ.ഉ(സാധാ) നം.415/2022/F&CS, തീയതി 08.11.2022
3. പൊതുവിതരണ ഉപഭോക്തകാര്യ കമ്മീഷണറുടെ 19.04.2025, 29.05.2025 & 10.06.2025 തീയതികളിലെ CCS/2227/2025-A2 നമ്പർ കത്തുകൾ

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ പിഡിഎസ് സബ്സിഡി & നോൺ സബ്സിഡി ആവശ്യങ്ങൾക്കായി സംസ്ഥാനത്തിന് 5676 KL മണ്ണെണ്ണ കേന്ദ്രത്തിൽ നിന്നും ലഭ്യമായിരുന്നു. സംസ്ഥാനത്തിന് ലഭ്യമാകുന്ന മണ്ണെണ്ണ വിട്ടെടുത്ത് വിതരണം ചെയ്യുന്നതിന് നിലവിൽ മണ്ണെണ്ണ മൊത്തവ്യാപാരികൾക്ക് അനുവദിച്ചുവരുന്ന കടത്തുകൂലി പരാമർശം (1) ഉത്തരവ് പ്രകാരം ആദ്യത്തെ 40 കിലോ മീറ്റർ വരെ 238 രൂപ/കിലോ ലിറ്ററും അതിന് ശേഷമുള്ള ഓരോ കിലോ മീറ്ററിനും 3.75 രൂപ/കിലോ ലിറ്ററും മണ്ണെണ്ണ ചില്ലറ വിതരണക്കാർക്ക് അനുവദിച്ചുവരുന്ന ഡീലർ കമ്മീഷൻ പരാമർശം (2) ഉത്തരവ് പ്രകാരം 3.70 രൂപ/ലിറ്ററുമാണ്.

സംസ്ഥാനത്തുള്ള മണ്ണെണ്ണ വിഹിതം കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേന്ദ്ര സർക്കാർ കുറവ് ചെയ്തു വരുന്ന പ്രവണതയാണ് കണ്ടു വരുന്നതെന്നതിനാൽ അലോട്ട്മെന്റ് വർദ്ധിപ്പിച്ചു നൽകുന്നതിനായി കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. എന്നാൽ കൂടുതൽ മണ്ണെണ്ണ വിഹിതം ലഭ്യമാകാതെ വന്നതോടെ മൊത്തവ്യാപാര ഡിപ്പോകൾ പലതും കഴിഞ്ഞ ഒരു വർഷത്തിലധികമായി പ്രവർത്തനരഹിതമാണെന്നും കൂടാതെ മണ്ണെണ്ണ വിഹിതത്തിലെ കുറവും, റീറ്റെയ്ൽ കമ്മീഷൻ കുറവും കാരണം റേഷൻ വ്യാപാരികളും മണ്ണെണ്ണ വിട്ടെടുക്കാത്ത സ്ഥിതി വിശേഷമാണ് നിലവിൽ ഉള്ളതെന്നും മണ്ണെണ്ണ വിതരണത്തിലെ നിലവിലെ അവസ്ഥയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന മണ്ണെണ്ണ വിട്ടെടുക്കുന്നതിന് മണ്ണെണ്ണ മൊത്തവ്യാപാരികൾക്കുള്ള കടത്തുകൂലി, റേഷൻ വ്യാപാരികൾക്കുള്ള റീറ്റെയ്ൽ കമ്മീഷൻ എന്നിവ വർദ്ധിപ്പിച്ച് നൽകുന്നതിന് പരാമർശം (3) കത്തുകൾ പ്രകാരം പൊതുവിതരണ ഉപഭോക്തകാര്യ കമ്മീഷണർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ മണ്ണെണ്ണ വിതരണത്തിനുള്ള പ്രതിസന്ധി കണക്കിലെടുത്ത്, 2025-26 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ പിഡിഎസ് സബ്സിഡി & നോൺ സബ്സിഡി ആവശ്യങ്ങൾക്കായി സംസ്ഥാനത്തിന് ലഭ്യമായ 5676 KL മണ്ണെണ്ണ വിട്ടെടുത്ത് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മണ്ണെണ്ണ മൊത്തവ്യാപാരികൾക്കുള്ള കടത്തുകൂലി ആദ്യത്തെ 40 കിലോ മീറ്റർ

വരെ 500 രൂപ/കിലോ ലിറ്ററും അതിന് ശേഷമുള്ള ഓരോ കിലോ മീറ്ററിനും 5 രൂപ/കിലോ ലിറ്ററും എന്ന നിരക്കിലും മണ്ണെണ്ണ ചില്ലറ വിതരണക്കാർക്കുള്ള ഡീലർ കമ്മീഷൻ ലിറ്ററിന് 6 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

പുതിയ നിരക്ക് 01.06.2025 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ ഓഫ് ഓയിൽ കമ്പനീസ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

Signed by
K R Remya
സെക്ഷൻ ഓഫീസർ
Date: 17-06-2025 17:09:03

പകർപ്പ് -

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. ബഹു.ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്